പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരുടെ എണ്ണം

* 671 [721] ശ്രീ. പി.ജെ. തോമസ്:
,, കെ. രാഘവൻ മാസ്റ്റർ:
,, തെന്നല ബാലകൃഷ്ണപിള്ള:
,, റ്റി.എച്ച്. മുസ്തഫ:
,, എം.വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) പ്രൈമറിവിദ്യാഭ്യാസം പൂർത്തിയാക്കാത്തവരുടെ എണ്ണം വർദ്ധിച്ചിട്ടില്ലെങ്കിലും അവരുടെ എണ്ണം ഗണ്യമായതാണെന്ന് അറിയാം.

(ബി) ഉണ്ട്: സാമ്പത്തികവും സാമുദായികവുമായ പല പരാധീനതകളും കാരണമാണ്.

പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

* 672 [729] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൽ പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്റർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ, ബി, സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഈ തസ്തികയിൽ നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടില്ല.

മലബാറിലെ കാണക്കുടിയാൻമാരുടെ പ്രശ്നങ്ങൾ

* 673 [730] ശ്രീ. കെ.കെ.എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ കാണക്കുടിയാൻമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly